**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4838** **11-08-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യക്കച്ചവടം നടത്തുന്ന സ്ത്രീകൾക്കെതിരെയുള്ള പോലീസ് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് നിയന്ത്രണങ്ങളുടെ പേരിൽ, വഴിയോരത്ത് മത്സ്യക്കച്ചവടം നടത്തുന്ന സ്ത്രീകളോട്, പോലീസ് മനുഷ്യത്വരഹിതമായി പെരുമാറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് ഉയർന്ന ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ അടിസ്ഥാനത്തിൽ 28.07.2021 ൽ 'ഡി' കാറ്റഗറിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ച മേഖലയാണ്. അവിടെ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. പൊതുസ്ഥലങ്ങളിലും മത്സ്യവിപണന കേന്ദ്രങ്ങളിലും മാർക്കറ്റുകളിലും മത്സ്യവ്യാപാരം നിയന്ത്രിക്കുകയും ചില സ്ഥലങ്ങളിൽ നിരോധിക്കുകയും ചെയ്തിട്ടുള്ളതാണ്. പാരിപ്പള്ളി-വർക്കല റോഡിൽ നീരോന്തി എന്ന സ്ഥലത്ത് 28.07.2021-ന് മത്സ്യക്കച്ചവടം നടക്കുന്നതിന്റെ ഫലമായി ജനങ്ങൾ കൂട്ടംകൂടി നിൽക്കുന്ന സാഹചര്യമുണ്ടായി. ഇത് സംബന്ധിച്ച് തദ്ദേശീയരായ ആൾക്കാർ പരാതി ഉന്നയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പോലീസ് പലതവണ വിലക്കുകയും ചെയ്തിരുന്നു. കച്ചവടം നടത്തിയവരെ കർശനമായി ഒഴിപ്പിച്ചതിനെത്തുടർന്ന് പാമ്പുറം എന്ന സ്ഥലത്തേക്ക് കച്ചവടം മാറ്റി. ഈ സ്ഥലവും ഉയർന്ന നിരക്ക് നിലനിൽക്കുന്ന ‘ഡി’ കാറ്റഗറിയിൽ വരുന്ന സ്ഥലമായിരുന്നു. പോലീസ് ഇവിടെനിന്നും കച്ചവടക്കാരോട് മാറാൻ നിർദ്ദേശിക്കുകയുണ്ടായി. പോലീസ് മത്സ്യങ്ങളോ പാത്രങ്ങളോ വലിച്ചെറിയുകയോ തട്ടിമറിക്കുകയോ ചെയ്തിട്ടില്ല എന്നാണ് പോലീസ് റിപ്പോർട്ട്. മത്സ്യകച്ചവടം നിരോധിച്ച കാരണത്താൽ മത്സ്യവും മറ്റും വാരിയെറിഞ്ഞ നിലയിലുള്ള രംഗം കൃത്രിമമായി സൃഷ്ടിച്ച് പ്രാദേശിക ചാനലിലൂടെ പ്രചരിപ്പിക്കുകയും തുടർന്ന് അത് സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കപ്പെടുകയുമാണ് ഉണ്ടായത് എന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്. ഈ പ്രശ്നത്തെയും ഇതു സംബന്ധിച്ച് പ്രചരിക്കപ്പെട്ട, വാർത്തയുടെയും നിജസ്ഥിതി അന്വേഷിക്കാൻ പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പാരിപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിൽ വഴിയോരത്ത് മത്സ്യക്കച്ചവടം ചെയ്തിരുന്ന ശ്രീമതി മേരി എന്ന സ്ത്രീയുടെ കൈവശമുണ്ടായിരുന്ന മത്സ്യം അഴുക്കുചാലിലേക്ക് തട്ടിത്തെറുപ്പിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് ഉയർന്ന ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ അടിസ്ഥാനത്തിൽ 28.07.2021 ൽ 'ഡി' കാറ്റഗറിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ച മേഖലയാണ്. അവിടെ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. പൊതുസ്ഥലങ്ങളിലും മത്സ്യവിപണന കേന്ദ്രങ്ങളിലും മാർക്കറ്റുകളിലും മത്സ്യവ്യാപാരം നിയന്ത്രിക്കുകയും ചില സ്ഥലങ്ങളിൽ നിരോധിക്കുകയും ചെയ്തിട്ടുള്ളതാണ്. പാരിപ്പള്ളി-വർക്കല റോഡിൽ നീരോന്തി എന്ന സ്ഥലത്ത് 28.07.2021-ന് മത്സ്യക്കച്ചവടം നടക്കുന്നതിന്റെ ഫലമായി ജനങ്ങൾ കൂട്ടംകൂടി നിൽക്കുന്ന സാഹചര്യമുണ്ടായി. ഇത് സംബന്ധിച്ച് തദ്ദേശീയരായ ആൾക്കാർ പരാതി ഉന്നയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പോലീസ് പലതവണ വിലക്കുകയും ചെയ്തിരുന്നു. കച്ചവടം നടത്തിയവരെ കർശനമായി ഒഴിപ്പിച്ചതിനെത്തുടർന്ന് പാമ്പുറം എന്ന സ്ഥലത്തേക്ക് കച്ചവടം മാറ്റി. ഈ സ്ഥലവും ഉയർന്ന നിരക്ക് നിലനിൽക്കുന്ന ‘ഡി’ കാറ്റഗറിയിൽ വരുന്ന സ്ഥലമായിരുന്നു. പോലീസ് ഇവിടെനിന്നും കച്ചവടക്കാരോട് മാറാൻ നിർദ്ദേശിക്കുകയുണ്ടായി. പോലീസ് മത്സ്യങ്ങളോ പാത്രങ്ങളോ വലിച്ചെറിയുകയോ തട്ടിമറിക്കുകയോ ചെയ്തിട്ടില്ല എന്നാണ് പോലീസ് റിപ്പോർട്ട്. മത്സ്യകച്ചവടം നിരോധിച്ച കാരണത്താൽ മത്സ്യവും മറ്റും വാരിയെറിഞ്ഞ നിലയിലുള്ള രംഗം കൃത്രിമമായി സൃഷ്ടിച്ച് പ്രാദേശിക ചാനലിലൂടെ പ്രചരിപ്പിക്കുകയും തുടർന്ന് അത് സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കപ്പെടുകയുമാണ് ഉണ്ടായത് എന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്. ഈ പ്രശ്നത്തെയും ഇതു സംബന്ധിച്ച് പ്രചരിക്കപ്പെട്ട, വാർത്തയുടെയും നിജസ്ഥിതി അന്വേഷിക്കാൻ പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ